(സി) ഡോളി ചുമക്കുന്ന അയ്യപ്പൻമാർക്ക് ഒരു ഭക്തനെ പമ്പയിൽ നിന്ന് സന്നിധാനത്തിൽ കൊണ്ടുപോയി തിരിച്ച് കൊണ്ടുവരുന്നതിന് നിശ്ചയിച്ചിട്ടുള്ള കൂലി എത്രയാണ് ;

(ഡി) എന്ന് മുതൽക്കാണ് ഇത് നിശ്ചയിച്ചിട്ടുള്ളത് ;

(ഇ) ഡോളി ചുമക്കുന്ന അയ്യപ്പൻമാർ എത്ര കിലോമീറ്റർ ആളിനെയും വഹിച്ചു കൊണ്ട് പോകുന്നതിനും വരുന്നതിനുമാണ് ഈ തുക നിശ്ചയിച്ചിട്ടുള്ളത് ;

(എഫ്) അവർക്ക് ന്യായമായ കൂലി ലഭിക്കുന്നതിന് ഏർപ്പാടുണ്ടാക്കുമോ ;

(ജി) ഡോളി ചുമക്കുന്നതും ചുമടെടുക്കുന്നതുമായ അയ്യപ്പൻമാർക്ക് പമ്പയിലും സന്നിധാനത്തും വിശ്രമിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

(എച്ച്) ഇല്ലെങ്കിൽ അവർക്ക് ഈ സ്ഥലങ്ങളിൽ വിശ്രമം ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ–എച്ച്) വിവരം ശേഖരിച്ചുവരുന്നു.

ശബരിമല ക്ഷേത്രത്തിന്റെ വരുമാനം

77 [755] ശ്രീ. കെ. കെ. ഷാജു :
,, എ. എൻ. രാജൻബാബു :
,, ഉമേഷ് ചള്ളിയിൽ :
,, ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ മകരവിളക്കുകാലത്ത് ശബരിമല ക്ഷേത്രത്തിൽ നിന്ന് വിവിധ ഇനങ്ങളിൽ ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കഴിഞ്ഞ നാല് വർഷങ്ങളിൽ ശബരിമലയിൽ നിന്ന് ലഭിച്ച വരുമാനത്തിന്റെ വിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്ന് വിവരം ശേഖരിച്ചുവരുന്നു.

ശബരിമല തീർത്ഥാടകർക്കുവേണ്ടിയുള്ള അന്നദാനം

78 [756] ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ഡോ: എം. എ. കുട്ടപ്പൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് ശബരിമല തീർത്ഥാടകർക്കുവേണ്ടി എന്നു മുതലാണ് അന്നദാനം തുടങ്ങിയത് ; എവിടെയെല്ലാം വച്ചാണ് അന്നദാനം നൽകിയിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ സ്ഥലത്തും എത്ര പേർക്കുവീതം അന്നദാനം നൽകാനാണ് അനുമതി നൽകിയിരുന്നത് ; നിലവിലുള്ള ദേവസ്വം ബോർഡിന് കൂടുതൽ സ്ഥലത്ത് വച്ച് അന്നദാനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം വച്ചാണ് കൂടുതലായി അന്നദാനം നൽകുന്നത് ; എത്ര പേർക്ക് വീതം ഓരോ സ്ഥലത്തുവച്ചും അന്നദാനം നൽകാനാണ് അനുമതിയുള്ളത് ;

(ഡി) സ്വാദിഷ്ടവും വൃത്തിയുള്ളതുമായ ഭക്ഷണം നൽകുന്നുണ്ടോ എന്നറിയുവാൻ എന്തെല്ലാം സംവിധാനങ്ങൾ ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ–ഡി) വിവരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്ന് ശേഖരിച്ചുവരുന്നു.

ശബരിമല തീർത്ഥാടകർക്ക് അന്നദാനം

79 [757] ശ്രീ. ഇ. എം. അഗസ്തി :
„ എം. എം. ഹസ്സൻ :
„ പി. ടി. തോമസ് :
„ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടകർക്കുവേണ്ടി പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിൽ അന്നദാനം നടത്തുവാൻ തയ്യാറായി സ്വകാര്യ സംഘടനകളോ വ്യക്തികളോ മുന്നോട്ട് വന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരെല്ലാം ; അവർക്ക് ഇതിനുള്ള അനുവാദം കൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ ?

ഉത്തരം

(എ & ബി) വിവരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്ന് ശേഖരിച്ചുവരുന്നു.

ക്ഷേത്രങ്ങളുടെ വരുമാനം

80 [759] ശ്രീ. എ. സി. ഷണ്മുഖദാസ് :
„ കെ. പി. മോഹനൻ :
„ സി. കെ. നാണു :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേത്രങ്ങളുടെ ആവശ്യങ്ങൾക്കല്ലാതെ ക്ഷേത്രങ്ങളുടെ വരുമാനം ഉപയോഗിച്ചിട്ടുണ്ടോ ;

(ബി) ക്ഷേത്രങ്ങളുടെ വരുമാനത്തിന്മേൽ ഏതെങ്കിലും നികുതി സർക്കാർ ചുമത്തിയിട്ടുണ്ടോ ;

നക്ഷത്രചിഹ്നമിടാത്ത 758-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly